# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2213 - 26.03.2013 -ലെ മറുപടിക്ക്

**കെ.എഫ്.സി.മുൻ ജനറൽ മാനേജർക്കെതിരെയുള്ള വിജിലൻസ് കേസ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയ ഇനത്തിൽ 23 കോടി രൂപയുടെ നഷ്ടം വന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ജനറൽ മാനേജർ സാനു സക്കറിയക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചതനുസരിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയോ ; | വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ വി.സി.02/2010/സി.ആർ.ഇ.നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) | എങ്കിൽ എന്ത് തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | കേസന്വേഷണം പൂർത്തിയായിട്ടില്ല. |
| (സി) | കുറ്റക്കാർക്കെതിരെ വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; | കേസന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയായാലുടൻ കുറ്റപത്രം സമർപ്പിക്കും. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | രണ്ട് ലോൺ കേസുകളിലായി 14.50 കോടി രൂപയുടെ നഷ്ടം വരുത്തിയതായി അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഈ കേസുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | ജനറൽ മാനേജരായിരുന്ന ശ്രീ.സാനു സക്കറിയയെ സസ്പെന്റ് ചെയ്യുകയും ജില്ലാ മാനേജർ ആയിരുന്ന ശ്രീ.എ.ജി.ദിനേശിന്റെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്ന് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ ? | കേസന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |

ഡെപ്യൂട്ടി സെക്രട്ടറി